ഗ്രേ എരിയ

148 (1203) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ബ്ലോക്ക് ഗ്രേ ഏരിയയായി നബാർഡ് പ്രഖ്യാപിച്ചകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം കർഷകർക്ക് സംഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കൃഷിക്കാരെ സഹായിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഭൂജല വകുപ്പാണ് ഈ പ്രവർത്തനം നടത്തുന്നത്.

(ബി&സി) ഭൂഗർഭ ജലത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഭൂഗർഭജല വകുപ്പാണ് ഓരോ പ്രദേശത്തേയും വൈറ്റ്, ഗ്രേ, ബ്ലാക്ക് എന്ന് തരംതിരിക്കുന്നത്. ലഭ്യമായ ഭൂജലത്തിന്റെ 65% മുതൽ 85% വരെ കിണറുകൾ കുഴൽ കിണറുകൾ ഇവ മുഖേന ഉപയോഗപ്പെടുത്തി വരുന്നവയെയാണ് 'ഗ്രേ' ആയി പ്രഖ്യാപിക്കുന്നത്. ഗ്രേ ഏരിയയിൽ നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ ഭൂഗർഭജല സ്രോതസ് ഉപയുക്തമാക്കാൻ നബാർഡ് വായ്പ അനുവദിക്കുകയുള്ളൂ. പരിസ്ഥിതി പ്രശ്നങ്ങൾ മുൻ നിർത്തിയാണ് ഇത്. എന്നാൽ സ്വന്തമായി കിണർ കുഴിക്കാൻ കൃഷിക്കാർക്ക് ബുദ്ധിമുട്ടൊന്നും നേരിടുന്നില്ല.

നെൽവയൽ നികത്തുന്നതിനെതിരെ നടപടി

149 (1204) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയൽ മണ്ണിട്ടു നികത്തുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നിന്ന് എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട എത്ര പേർക്കെതിരെ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മുന്നൂറോളം പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പരാതി ലഭിക്കുന്ന കേസുകളിൽ എല്ലാം മണ്ണിടുന്ന പ്രവൃത്തി നിർത്തി വയ്പിക്കാനും നിജസ്ഥിതി അന്വേഷിക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 280 പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly